**E 6365**

00006365

**Reg. No.................................**

**Name.....................................**

# B.A. DEGREE (C.B.C.S.S.) EXAMINATION, MAY 2024

**Fourth Semester**

B.A. Malayalam (Model I)

Complementary Course—ഒരു സാഹിത്യകാരൻ/സാഹിത്യകാരി–ലളിതാംബിക അന്തർജ്ജനം

(2013–2016 Admissions)

Time : Three Hours | Maximum Marks : 80

## എ വിഭാഗം

ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. അഗ്നിസാക്ഷി എന്ന നോവൽ പ്രസിദ്ധീകരിച്ചത് ഏത് വാരികയിലാണ് ?
2. ഭ്രാന്തിച്ചെറിയമ്മ ഏത് കൃതിയിലെ കഥാപാത്രമാണ് ?
3. ലളിതാംബികയുടെ ആദ്യ കവിതാസമാഹാരത്തിന്റെ പേരെഴുതുക.
4. ചെറുകഥ ഇന്നലെ ഇന്ന് ആരുടെ കൃതിയാണ് ?
5. വയലാർ പുരസ്കാരം നേടിയ ആദ്യനോവൽ.
6. മൂന്ന് രാജാക്കൻമാർ ഏത് കൃതിയിലെ ലേഖനമാണ് ?
7. ദേവി ബഹൻ ഏത് കൃതിയിലെ കഥാപാത്രമാണ് ?
8. അഗ്നിസാക്ഷി എന്ന നോവൽ പ്രസിദ്ധീകരിച്ച വർഷം.
9. നവതരംഗം ആരുടെ കൃതിയാണ് ?
10. ലളിതാംബികയുടെ ശകുന്തള ഏത് വിഭാഗത്തിൽപ്പെടുന്ന കൃതിയാണ് ?

(10 × 1 = 10)

## ബി വിഭാഗം

അരപ്പുറത്തിൽ **എട്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

11. തങ്കം നായർ എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക.
12. 'മറ്റൊരു പുരുഷനെ സ്പർശിച്ചിട്ടുള്ള സ്ത്രീ പാപിയല്ലേ'–സന്ദർഭവും ആശയവും എഴുതുക.
13. 'ദ്വാരകയിലെ രാജാവ് ദേവകിയുടെ പുത്രനാണ്. യശോദയുടെ പുത്രനായ കണ്ണനെയാണ് എനിക്ക് കാണേണ്ടത്'–ഇപ്രകാരം പറയുവാനുള്ള കാരണമെന്ത് ?
14. 'അല്ലെങ്കിൽ അന്തപുരത്തിലെ മംഗലദീപത്തിന്റെ രശ്മികൾ പുറമെ പ്രസരിക്കയില്ലായിരുന്നല്ലോ'–ആശയമെഴുതുക.



**Turn over**

15. 'ഒരു പാട്ടിന് മനോവികാരങ്ങളുടെ മേൽ എത്ര പിടിയുണ്ടെന്ന് അന്ന് മനസ്സിലായി'–ആശയമെന്ത് ?

16. "വേണുനാളവും ഗാനതരംഗവും
പ്രാണനോളം തെളിയുന്നിതെന്നുമേ"
–അർത്ഥവും സന്ദർഭവും വിശദമാക്കുക.

17. "നട്ടതില്ല നനച്ചതുമില്ലാരും
പുഷ്ടമാക്കാൻ വളവുമരുളീല്ല"
–ആശയം വിശകലനം ചെയ്യുക.

18. 'ചിലന്തി വലകെട്ടുന്നത് സ്വന്തം ജീവിതത്തിനു വേണ്ടിയാണ്. വണ്ടു വരുന്നത് അത് നശിപ്പിക്കാനും–ഈ ചിന്തയുടെ അടിസ്ഥാനമെന്ത് ?

19. കൃതാർത്ഥത എന്ന കവിതയ്ക്ക് ഒരാസ്വാദനം എഴുതുക.

20. 'പറയണേര് പറയട്ടെ എട്ടാ നമുക്കെന്ത് ചേതം'–ഇങ്ങനെ പറയുവാനുള്ള കാരണമെന്ത് ?

21. നവോത്ഥാനകാല കഥകളുടെ പ്രധാന പ്രത്യേകതകൾ എഴുതുക.

22. കഥയും തിരക്കഥയും തമ്മിലുള്ള വ്യത്യാസം വിശദീകരിക്കുക.

(8 ×2 = 16)

## സി വിഭാഗം

ഒരു പുറം വീതം **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

23. ദേവിബഹൻ എന്ന കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ വിശദീകരിക്കുക.

24. 'ഉണർന്നിരിക്കുമ്പോൾ ലോകം കാണാത്ത ഒരു നമ്പൂതിരി സ്ത്രീയുടെ കഥയാണ് മൂടുപടത്തിൽ'–വിശദമാക്കുക.

25. രാധയുടെ കത്ത് എന്ന കഥയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

26. കൂപ്പുകൈ എന്ന കവിത പഠനവിധേയമാക്കുക.

27. മൂന്ന് രാജാക്കൻമാർ എന്ന ലേഖനത്തെ വിലയിരുത്തുക.

28. നവോത്ഥാനകാല നാടകങ്ങളെ പരിചയപ്പെടുത്തുക.

29. തിരക്കഥ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ ?

30. 'പ്രിയേ രാമാനുജനായ ലക്ഷ്മണനാണു ഞാൻ. രാമന്റെ ദാസൻ, രാമനില്ലാതെ എനിക്ക് വ്യക്തിത്വമില്ല. നീ ഇതു സ്വീകരിക്കാൻ തയ്യാറാവുമോ–ഇങ്ങനെ പറയുവാനുള്ള കാരണമെന്ത് ?

31. ഓർമ്മകൾക്കപ്പുറത്ത് എന്ന കഥയെ പരിചയപ്പെടുത്തുക.

(6 × 4 = 24)

## ഡി വിഭാഗം

നാലു പുറത്തിൽ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

32. 'സ്ത്രീ സ്വാതന്ത്ര്യത്തിന് സമൂഹം കല്പിച്ച വിലക്കുകൾക്കെതിരെ പ്രതികരിച്ച എഴുത്തുകാരിയാണ് ലളിതാംബിക അന്തർജ്ജനം'– പഠനം തയ്യാറാക്കുക.

33. 'ഒരു കാലത്തിന്റെ സാക്ഷ്യപത്രമാണ് അഗ്നിസാക്ഷി എന്ന നോവൽ'–അഭിപ്രായം വിശദീകരിക്കുക.

34. ധീരേന്ദു മജ്ജുംദാരുടെ അമ്മ, അഗ്നി പുഷ്പങ്ങൾ എന്നീ കഥകൾ പഠനവിധേയമാക്കുക.

35. മാതൃദർശനം, കവനകാമിനി എന്നീ കവിതകൾക്ക് ഒരാസ്വാദനം തയ്യാറാക്കുക.

(2 × 15 = 30)